മുക്കുപണ്ടം പണയം വച്ച് ലക്ഷങ്ങൾ തട്ടിയെടുത്ത ആൾ പിടിയിൽ. കോട്ടയം കാവുകണ്ടം നീലൂർ റോഡിൽ കാരമുള്ളിൽ വീട്ടിൽ ലിജു (53) വിനെയാണ് ആലുവ എസ്.എച്ച്.ഒ എൽ.അനിൽകുമാറിന്റെ നേതൃത്വത്തിൽ പോലീസ് അറസ്റ്റ് ചെയ്തത്. ആലുവ ബൈപ്പാസിന് സമീപമുള്ള സൗത്ത് ഇന്ത്യൻ ബാങ്കിൽ പല പ്രാവശ്യമായി നൂറ് പവനോളം മുക്ക് പണ്ടം പണയം വച്ച് ഇരുപത്തിയെട്ട് ലക്ഷത്തോളം രൂപയാണ് തട്ടിയെടുത്തത്.